പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4830 — 14/11/2019 ലെ മറുപടി

## സ്കൂളുകളിൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി.ജെ. വിനോദ് | | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി എല്ലാ സ്കൂളുകളിലും സേഫ്റ്റി ഓഫീസർമാരെ നിയമിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) | വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി ജില്ലയിലെ എല്ലാ വിദ്യാലയങ്ങളിലും സ്കൂൾ സുരക്ഷ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും സ്കൂൾ സേഫ്റ്റി ഓഫീസറെ തിരെഞ്ഞെടുക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇത് സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | സ്കൂളുകളിൽ കുട്ടികളെ കൊണ്ടുവരുന്ന കരാർ വാഹനങ്ങളെക്കുറിച്ചുള്ള വിവരം സ്കൂളധികൃതർ ലോക്കൽ പോലീസിന് കൈമാറണമെന്ന നിർദ്ദേശം പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കർശന നിർദ്ദേശം നൽകുമോ; | (സി) | സ്കൂളുകളിൽ കുട്ടികളെ കൊണ്ടുവരുന്ന കരാർ വാഹനങ്ങളെക്കുറിച്ചുള്ള വിവരം സ്കൂളധികൃതർ ലോക്കൽ പോലീസിന് കൈമാറണമെന്ന നിർദ്ദേശം പാലിക്കുന്നുണ്ട്. |
| (ഡി) | സ്കൂളുകളിൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കുമോ? | (ഡി) | എല്ലാ വിദ്യാലയങ്ങളിലും സ്കൂൾ സേഫ്റ്റി കമ്മിറ്റി രൂപീകരിക്കാനും സ്കൂൾ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ ഉണ്ടാക്കാനും പ്രധാനാധ്യാപകർക്ക് നിർദ്ദേശം നൽകുകയും എല്ലാ സ്കൂളുകളിലും കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ